## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 235 — 19.03.2015-ൽ മറുപടിക്ക്

### രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, കെ.ശിവദാസൻ നായർ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, സണ്ണി ജോസഫ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കമോ; | എ . ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗ നിർ ദ്ദേശ പ്രകാരം 67% കവറേജിനും 15% ഒ & എം. നും 10% സസ്റ്റൈനബിലിറ്റിക്കും, 5% സപ്പോർട്ട് ആക്ടിവിറ്റീസിനും, 3% വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവീലിയൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്.<br><br>ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണ നിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം ഇൻ ടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം കിണറുകളുടെ റീ ചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള |
| ബി. | |

പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾ പ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതികളിൽ നിന്നും എസ്.സി/എസ്.ടി കോളനികളിലേക്ക് ജില്ലാ കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2009 മുതൽ ഈ പദ്ധതി നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം എന്ന പേരിലാണ് അറിയപ്പെടുന്നത്

| | | | |
|---|---|---|---|
| ബി | ഏതൊക്കെ പ്രദേശങ്ങളിലാണ് ഈ പദ്ധതി ആരംഭിക്കുന്നത്; മാനദണ്ഡം വിശദമാക്കുമോ; | ബി. | ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിലും, ആളോഹരി പ്രതിദിനം കുറഞ്ഞ അളവിൽ വെള്ളം ലഭിക്കുന്ന സ്ഥലങ്ങളിലും പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. പ്രതിദിനം ഒരാൾക്ക് 70 ലിറ്റർ വെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പുതിയ പദ്ധതികൾ രൂപകല്പന ചെയ്യുന്നത്. |

ഭാഗികമായോ, പൂർണ്ണമായോ മറ്റ് കുടിവെള്ള പദ്ധതികളൊന്നും നിലവിലില്ലാത്ത സ്ഥലങ്ങൾ, ഗുണനിലവാര മില്ലാത്ത കുടിവെള്ളം ഉപയോഗിക്കുന്ന സ്ഥലങ്ങൾ, പട്ടികജാതി- പട്ടികവർഗ്ഗ സങ്കേതങ്ങൾ, ഭൂരഹിത കർഷകർ അധിവസിക്കുന്ന സ്ഥലങ്ങൾ, ഗ്രാമീണ സ്കൂളുകൾ തുടങ്ങിയ പ്രദേശങ്ങളിലാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കുന്നത് .

| | | | |
|---|---|---|---|
| സി. | ഈ പദ്ധതിക്ക് കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ ? | സി. | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയെന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ പദ്ധതി 2009 മുതൽ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം എന്നാണ് അറിയപ്പെടുന്നത്. നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP) ൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾക്കായി ഈ വർഷം 110.58 കോടി രൂപയും സപ്പോർട്ട് ആക്ടിവിറ്റീസിനായി 3.69 കോടി രൂപയും, വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് സർവീലിയൻസിനായി 0.86 കോടി രൂപയും കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായം എല്ലാ വർഷവും ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ